Mathrubhumi- 19-02-2018.  P-9

# കാർഷിക വായ്പയുടെ മറവിൽ കുട്ടനാട്ടിൽ കോടികളുടെ തട്ടിപ്പ്

**കർഷകരുടെ പേരിൽ വ്യാജ ഒപ്പിട്ട് പണംതട്ടി**

**250 പേർക്ക് ജപ്തിനോട്ടീസ്**

**മനു എസ്. മേനോൻ**
മങ്കൊമ്പ്

▸ സ്വയംസഹായസംഘങ്ങൾക്കും ഗ്രൂപ്പുകൾക്കും നൽകുന്ന കാർഷിക വായ്പകളുടെ മറവിൽ കുട്ടനാട്ടിൽ കോടികളുടെ തട്ടിപ്പ്. കർഷകരുടെ പേരിൽ വ്യാജ ഒപ്പിട്ടാണ് പണംതട്ടിയത്. കർഷകർക്ക് ജപ്തിനോട്ടീസ് ലഭിച്ചതോടെയാണ് തട്ടിപ്പിന്റെ വിവരം പുറത്തുവന്നത്.

വായ്പകൾ തിരിച്ചടയ്ക്കാത്തതിനെത്തുടർന്ന് 250 കർഷകർക്കാണ് ബാങ്കുകൾ ജപ്തിനോട്ടീസ് അയച്ചത്. ഇവർ ബാങ്കുകളിൽ അന്വേഷിച്ചപ്പോൾ തിരിച്ചറിയൽരേഖ പോലുമില്ലാതെ വ്യാജ ഒപ്പിട്ട് വായ്പ നൽകിയതെന്ന വിവരം ലഭിച്ചു. ചുരുക്കം ചിലർക്കുമാത്രമാണ് പേരിനെങ്കിലും വായ്പാപണം കിട്ടിയത്. ബാക്കി പണം എങ്ങോട്ടുപോയെന്നോ ആരു കൈപ്പറ്റിയെന്നോ കർഷകർക്കറിയില്ല.

കാവാലം സ്വദേശി കൊണ്ടകശ്ശേരിൽ കെ.സി. ഷാജി നൽകിയ പരാതിയിൽ പോലീസ് അന്വേഷണം തുടങ്ങി. ആലപ്പുഴ ഡിവൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ പുളിങ്കുന്ന് സി.ഐ. ആർ. ഹരിദാസനാണ് അന്വേഷണച്ചുമതല.

അഞ്ചും ആറും പേരടങ്ങുന്ന ജോയന്റ് ലയബിലിറ്റി ഗ്രൂപ്പുണ്ടാക്കി അംഗങ്ങളുടെ വ്യാജ ഒപ്പിട്ട് വായ്പയെടുക്കുകയായിരുന്നെന്നാണ് വിവരം. സ്വയംസഹായസംഘങ്ങൾക്കും ഗ്രൂപ്പുകൾക്കും നൽകുന്ന കാർഷിക വായ്പകൾക്ക് ഈടുവേണ്ടെന്നുള്ള സൗകര്യം മറയാക്കിയാണ് വൻതുക തട്ടിയത്. ഗ്രൂപ്പുകളുടെ പ്രസിഡന്റും സെക്രട്ടറിയും നേരിട്ടെത്തി ഒപ്പിട്ടാൽ മതിയെന്ന ചില ബാങ്കുകളുടെ നിബന്ധനയും സഹായകമായി.

കനറാബാങ്ക് ആലപ്പുഴ ബോട്ട്ജെട്ടി ശാഖയിൽനിന്നുമാത്രം 186 ഗ്രൂപ്പുകൾക്ക് വായ്പ അനുവദിച്ചു. ഇതിൽ 54 ഗ്രൂപ്പുകളിലെ 250 പേർക്ക് ജപ്തിനോട്ടീസ് കിട്ടി. മറ്റു ബാങ്കുകളിലും തട്ടിപ്പ് നടന്നിട്ടുണ്ടെന്നാണ് സൂചന. സാധാരണ അഞ്ചംഗങ്ങളുള്ള ഗ്രൂപ്പിന് അഞ്ചുലക്ഷം രൂപയാണ് വായ്പ അനുവദിക്കുന്നത്.

തട്ടിപ്പ് എത്രയെന്നതുസംബന്ധിച്ച് വ്യക്തതയില്ല. കുട്ടനാട് വികസനസമിതി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. തോമസ് പീലിയാനിക്കലിന്റെ ശുപാർശപ്രകാരമാണ് ബാങ്ക് വായ്പ അനുവദിച്ചതെന്നാണ് വിവരം.

## തട്ടിപ്പ് പുറത്തായത് ഇങ്ങനെ

2014 നവംബർ ഏഴിന് ഷാജിയും സമീപവാസികളായ ആറുപേരും ചേർന്ന് അഞ്ചു ലക്ഷം രൂപയുടെ വായ്പയെടുത്തെന്നാണ് കനറാ ബാങ്കിന്റെ ജപ്തിനോട്ടീസിൽ പറയുന്നത്. കാവാലത്തെ കർഷകമിത്ര നെൽക്കർഷക ഗ്രൂപ്പിന്റെ പേരിലാണ് വായ്പ. മുതലും പലിശയുമടക്കം 6,74,275 രൂപ ഏഴുദിവസത്തിനകം തിരിച്ചടച്ചില്ലെങ്കിൽ ജപ്തിനടപടി തുടങ്ങുമെന്ന് കാണിച്ചായിരുന്നു കത്ത്.

ഇത്തരത്തിലൊരു ഗ്രൂപ്പിനെപ്പറ്റിയോ വായ്പയെപ്പറ്റിയോ അറിവില്ലാത്ത ഷാജി ബാങ്കിലെത്തി അന്വേഷിച്ചു. ഇതോടെയാണ് വ്യാജ വായ്പയുടെ വിവരം അറിയുന്നത്. ഗ്രൂപ്പിന്റെ പ്രസിഡന്റായ കെ.ടി. ദേവസ്യ, സെക്രട്ടറി തോമസ് ഔസേപ്പ് അറുപതിൽച്ചിറ എന്നിവരുടെ രേഖകൾ മാത്രമാണ് ബാങ്കിലുണ്ടായിരുന്നതെന്ന് പരാതിയിൽ പറയുന്നു. പ്രസിഡന്റിനോട് തിരക്കിയപ്പോൾ വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗവും എൻ.സി.പി. നേതാവുമായ റോജോ ജോസഫാണ് പണം കൈപ്പറ്റിയതെന്നാണ് അറിയാൻ കഴിഞ്ഞതെന്ന് ഷാജി പറഞ്ഞു. തുടർന്നാണ് പരാതി നൽകിയത്.

### ശുപാർശ നൽകുക മാത്രമാണ് ചെയ്തത്

2013-14 കാലയളവിൽ കുട്ടനാട്ടിലെ ആയിരത്തോളം കർഷകർക്ക് പാട്ടക്കൃഷിക്കായി കാർഷിക വായ്പയ്ക്ക് ശുപാർശ നൽകിയെന്നത് ശരിയാണ്.

തട്ടിപ്പിനെപ്പറ്റി അറിയില്ല. അന്നു കുട്ടനാട് വികസന സമിതിയുടെ കാവാലം വില്ലേജ് സെക്രട്ടറിയായിരുന്ന .റോജോ ജോസഫ് പറഞ്ഞ പ്രകാരമാണ് ശുപാർശ നൽകിയത്.

**- ഫാ. തോമസ് പീലിയാനിക്കൽ,**
**എക്സിക്യൂട്ടീവ് ഡയറക്ടർ കുട്ടനാട് വികസനസമിതി**

### വായ്പകൾ തിരിച്ചടയ്ക്കും

കുട്ടനാട് വികസന സമിതിയുമായി ബന്ധപ്പെട്ട് നാലു ഗ്രൂപ്പുകളാണ് കാവാലത്ത് രൂപവത്കരിച്ചത്. ഇതിൽ ജപ്തിനടപടിയുണ്ടായ ഗ്രൂപ്പുകളുടെ വായ്പകൾ തിരിച്ചടയ്ക്കും. പരാതിക്കാരനായ ഷാജികൂടി അറിഞ്ഞാണ് വായ്പയെടുത്തത്.

**-റോജോ ജോസഫ്,**
**വെളിയനാട് ബ്ലോക്ക് പഞ്ചായത്തംഗം**